# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2718 20/03/2015 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി പാഠപുസ്തക പരിഷ്കരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| | ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ലൂഡി ലൂയിസ് | |
| (എ) | ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. സംസ്ഥാന ഗവൺമെന്റ് നിയമിച്ച വിദഗ്ധ സമിതിയുടേയും ഹയർ സെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ നിയോഗിച്ച പ്രൊഫ. പി.ഒ.ജെ.ലബ്ബാകമ്മിറ്റിയുടേയും ശുപാർശ പ്രകാരം ഹയർ സെക്കന്ററി പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും പരിഷ്കരിയ്ക്കുന്നതിന് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2014 -15 അക്കാദമിക്ക് വർഷം1-ാം വർഷ ഹയർ സെക്കന്ററി ക്ലാസ്സിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. തുടർന്ന് രണ്ടാം വർഷ ഹയർ സെക്കന്ററി വിഭാഗത്തിലെ മുഴുവൻ പാഠ പുസ്തകങ്ങളും എസ്.സി.ഇ.ആർ.ടി പരിഷ്കരിച്ചു കഴിഞ്ഞു. ഈ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2015-16 അദ്ധ്യയനവർഷം മുതലാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാന സ്കൂളുകളിലെ വിദഗ്ധരായ അദ്ധ്യാപകരുടെയും കോളേജുകളിലെയും വിവിധ യൂണിവേഴ്സിറ്റികളിലെയും സബ്ജക്ട് വിദഗ്ധരെയും ഉൾപ്പെടുത്തി ഉണ്ടാക്കിയ ഒരു വിദഗ്ധ സമിതിയാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. |

| | | | |
|---|---|---|---|
| (സി) | പുതിയ പാഠപുസ്തകങ്ങൾ എന്ന് മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് വ്യക്തമാക്കുമോ? | (സി) | ഒന്നാം വർഷ പുതുക്കിയ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ 2014-15 അദ്ധ്യയന വർഷം പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. 2 ാം വർഷ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ 2015 -16 അദ്ധ്യയനവർഷത്തിൽ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ